23138645

**QP CODE: 23138645**

**Reg No** : ....................

**Name** : ....................

## B.A DEGREE (CBCS) REGULAR / REAPPEARANCE EXAMINATIONS, OCTOBER 2023

### Fifth Semester

### CORE COURSE - ML5CRT07 - CHERUKADHA,NOVEL

Common for B.A Malayalam Language and Literature Model I, B.A Malayalam Language and Literature Model II Copy Editing & B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

81524C6A

Time: 3 Hours | Max. Marks : 80

*Instructions to Private candidates only: This question paper contains two sections. Answer* ***SECTION I*** *questions in the answer-book provided.* ***SECTION II****, Internal examination questions must be answered in the question paper itself. Follow the detailed instructions given under* ***SECTION II***

**Part A**

*Answer any* ***ten*** *questions.*

*Each question carries* ***2*** *marks.*

1. ആദ്യകാലചെറുകഥകളുടെ സവിശേഷതകൾ എന്തെല്ലാം ?
2. കഥാപാത്രനിരൂപണം നടത്തുക- രാജൻ മാത്യു.
3. കുഞ്ചുനായർ എങ്ങനെയാണ് അമ്പാടിമനയ്ക്കലെ ആനക്കാരനായി തീർന്നത് ?
4. ദു: ഖം ഘനീഭവിച്ച സ്ത്രീരൂപം എന്ന് വിശേഷിപ്പിക്കുന്നതാരെ.
5. സേതുവിന്റെ കഥകളുടെ സവിശേഷതകൾ എന്തെല്ലാം?
6. കഥാപാത്രം നിരൂപണം ചെയ്യുക.- നൂൽപ്പാലം കടക്കുന്നവർ എന്ന കഥയിലെ അമ്മ.
7. “എല്ലാവരുടെയും മുഖങ്ങളിൽ ഗൗരവവും കണ്ണുനീരിന്റെ ലേശം നനവും”- സൂചിതമെന്ത്?
8. സക്കറിയായുടെ കഥകളുടെ സവിശേഷതകൾ എന്തെല്ലാം ?
9. ദിനോസറിന്റെ കുട്ടി എന്ന കഥയുടെ ആഖ്യാനശൈലി എപ്രകാരമാണ്.?
10. “നമ്മുടെയൊക്കെ ചോരയിൽ നൂറ്റാണ്ടുകളായി തുടർന്നുപോരുന്ന അടിമത്തത്തിന് ഒരു തുടർച്ച കൂടി”- സന്ദർഭം എന്ത് ?

11. കഥാപാത്രം നിരൂപണം ചെയ്യുക- വിക്ടർ

12. "നിന്റേം എന്റേം തന്തേടെ പേരിവനിടാം - ആദം" - ആര് ആരോട് പറയുന്നു.?

(10×2=20)

**Part B**

*Answer any **six** questions.*

*Each question carries **5** marks.*

13. "അപ്പോൾ ആ വീട്ടിലുള്ള സ്ത്രീകളെല്ലാംകൂടി തിക്കിതിരക്കി പടിഞ്ഞാറ്റെയുടെ പടിഞ്ഞാറെ വാതിലിൽക്കൂടി ഒരു ജീവനുള്ള പന്നിയെയോ മറ്റോ പിടിച്ചുകൂട്ടിലാക്കുന്നതുപോലെ സാധു കല്യാണിക്കുട്ടിയെ പിടിച്ച് തിരക്കി തള്ളി പടിഞ്ഞാറ്റയിലിട്ടു. വാതിലുമടഞ്ഞു. സംബന്ധവും കഴിഞ്ഞു" - കല്യാണിക്കുട്ടിയുടെ ഈ അവസ്ഥയ്ക്ക് കാരണമായ സാമൂഹികപശ്ചാത്തലം വിവരിക്കുക.

14. കീർക്ക് ഗാർഡിന്റെ അസ്തിത്വവാദചിന്തകൾ 'ഖസാക്കിന്റെ ഇതിഹാസ'മെന്ന നോവലിന്റെ പ്രമേയത്തെ എത്രമാത്രം സ്വാധീനിച്ചിരിക്കുന്നു എന്ന് വിശദീകരിക്കുക.

15. സ്ത്രീസൗഹൃദത്തിന്റെ ഹൃദയഭരിതമായ തലമാണ് കുഞ്ഞുലക്ഷ്മിയും കമലവും തമ്മിലുള്ള ബന്ധത്തിൽ രൂപപ്പെടുന്നത്- പരിശോധിക്കുക.

16. സാറാജോസഫിന്റെ കൃതികളുടെ സവിശേഷതകൾ മാറ്റാത്തിയെ മുൻനിർത്തി വിവരിക്കുക.

17. 'ഉളി പിടിച്ച കയ്യ്' ഡിറ്റക്ടീവ് സ്വഭാവമുള്ള കഥയാണ് - പരിശോധിക്കുക.

18. ഹാൻഡ്ബാഗിന്റെ മാറ്റങ്ങളിലൂടെ കൊച്ചുമകളുടെ ഭാവങ്ങളെ എങ്ങനെയൊക്കെയാണ് മുത്തശ്ശി മനസ്സിലാക്കുന്നത്.?

19. "ചെമ്മണ്ണിൽ വളർന്ന എനിക്ക് കോൺക്രീറ്റിൽ ജനിച്ച ഒരു കുട്ടിയോട് പെരുമാറാൻ അറിഞ്ഞുകൂടാ"- ശകുനത്തിലെ അച്ഛൻ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?

20. "ഇന്നെന്താത്ര ലോഗ്യം എന്നങ്ങോട്ട് ചോദിക്കാനാണ് തോന്നിയത്"- അപ്പു ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?

21. "അയാൾ ബദ്ധപ്പെട്ട് ആസ്പത്രിയിൽ വന്നെത്തിയപ്പോൾ ഒരു നേഴ്സ് അവളെ ഒരുക്കുകയായിരുന്നു". - സന്ദർഭം ഏത് ? കാരണം എന്ത് ?

(6×5=30)

**Part C**

*Answer any **two** questions.*

*Each question carries **15** marks.*

22. ദളിത് ജീവിതത്തെ യാഥാർത്ഥ്യബോധത്തോടെ ആവിഷ്ക്കരിച്ച ആദ്യ മലയാളകൃതിയാണ് 'സരസ്വതീവിജയം'- ഉദാഹരണസഹിതം വിവരിക്കുക.

23. 'ജിനശലഭങ്ങളുടെ വീട് ' മുന്നോട്ടു വയ്ക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ വിശകലനം ചെയ്യുക.

24. പുതിയ ലോകത്തിന്റെ അപനിർമ്മിക്കപ്പെട്ട സംസ്കാരത്തിന്റെ കാപട്യങ്ങൾക്ക് നേരെയുള്ള ചിരിയാണ് വി.കെ. എൻ. കഥകൾ- പരിശോധിക്കുക.

25. താനുൾപ്പെടുന്ന സമൂഹത്തിന്റെ എന്തെല്ലാം പ്രശ്നങ്ങളാണ് സി. അയ്യപ്പൻ തന്റെ കഥയിലൂടെ അവതരിപ്പിക്കുന്നത്- ചർച്ച ചെയ്യുക.

(2×15=30)